ഉത്തരം

(എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഹാന്റ്ക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയിലായി ഉദ്ദേശം 100 കോടി രൂപയുടെ തുണിത്തരങ്ങൾ കെട്ടിക്കിടക്കുന്നതായി കണക്കാക്കുന്നു.

(ബി) നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(സി) കെട്ടിക്കിടക്കുന്ന വസ്ത്രങ്ങൾ വിറ്റഴിക്കുന്നതിനും ഭാവിയിൽ വസ്ത്രങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാൻ ഗുണമേൻമയേറിയ ആകർഷണീയമായ വസ്ത്രങ്ങൾ മാത്രം ഉൽപ്പാദിപ്പിക്കുന്നതിനും ലക്ഷ്യമാക്കിയാണ് സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 10% റിബേറ്റിനു പുറമേ പ്രത്യേക കിഴിവുകൾ കൂടി നൽകി, കെട്ടിക്കിടക്കുന്ന കൈത്തറി വസ്ത്രങ്ങൾ വിറ്റഴിക്കാൻ ഹാന്റ്ക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രഖ്യാപിത കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കാൻ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിക്കുകയും അതനുസരിച്ചുള്ള തുക കേന്ദ്ര സർക്കാരിൽനിന്നും നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

കൈത്തറി മേഖലയിലെ പ്രതിസന്ധി ഇല്ലാതാക്കാൻ നടപടി

22 [452] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കൈത്തറി മേഖലയുടെ നിലനിൽപ്പ് പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രതിസന്ധി ഒഴിവാക്കി മുന്നോട്ടുപോകുന്നതിനും ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) ഉദ്ദേശം 175,000 (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം) തൊഴിലാളികൾ പണിയെടുക്കുന്നതായി കണക്കാക്കുന്നു.

(ബി) പരമ്പരാഗത വ്യവസായമെന്ന നിലയിൽ കൈത്തറി വ്യവസായ മേഖലയ്ക്കും പ്രതിസന്ധികളുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രതിസന്ധി ഒഴിവാക്കി ഈ വ്യവസായവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തി വരുന്ന തൊഴിലാളികളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

കൈത്തറി നെയ്ത്ത് വ്യവസായത്തിൽ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുക

23 [453] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി നെയ്ത്ത് വ്യവസായത്തിൽ വിവിധ പദ്ധതികൾക്കായി ഓരോ വർഷവും നൽകിയ തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഹാൻടെക്സ്, ഹാൻവീവ്, വിവിധ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് നൽകിയ തുക വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) റിബേറ്റ്, എം.ഡി.എ. എന്നീ ഇനത്തിൽ സർക്കാർ നൽകിയ സഹായം, കേന്ദ്ര സർക്കാർ നൽകിയ സഹായം എന്നിവ പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവിധ പദ്ധതികൾക്കായി 2001-2002, 2002-2003 സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുകയും ചെലവഴിച്ച തുകയും അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(സി) റിബേറ്റ് ഇനത്തിൽ കേന്ദ്ര സർക്കാർ ധനസഹായം നിലവിലില്ല. സംസ്ഥാന സർക്കാർ 2001-2002-ൽ പതിനഞ്ചുകോടി അറുപത്തിയൊന്നുലക്ഷത്തി എൺപത്തിനാലായിരത്തി തൊള്ളായിരത്തി നാൽപ്പത്തിയൊന്ന് (15,61,84,941) രൂപയും 2002-2003-ൽ 1,45,81,239 രൂപയും (ഒരു കോടി നാൽപ്പത്തിയഞ്ചു ലക്ഷത്തി എൺപത്തി ഒന്നായിരത്തി ഇരുനൂറ്റി മുപ്പത്തി ഒമ്പത് രൂപയും) നൽകി. 2001-2002-ൽ എം.ഡി.എ. ഇനത്തിൽ കേന്ദ്രസർക്കാർ മുപ്പത്തി ആറ് ലക്ഷം രൂപയും സംസ്ഥാന സർക്കാർ മുപ്പത്തി ആറ് ലക്ഷം രൂപയും 2002-2003-ൽ കേന്ദ്ര സർക്കാർ 21,56,620 രൂപയും സംസ്ഥാന സർക്കാർ 21,56,620 രൂപയും നൽകി.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly